# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1076 — 12.06.2014 ൽ മറുപടിയ്ക്ക്

സ്വാശ്രയ മെഡിക്കൽ, എഞ്ചിനീയറിംഗ് കോളേജുകൾ സംബന്ധിച്ച വിവരം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കോടിയേരി ബാലകൃഷ്ണൻ** | **ശ്രീ. പി.കെ. അബ്ദുറബ്ബ് (ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് സ്വാശ്രയ മേഖലയിൽ എത്ര എഞ്ചിനീയറിംഗ് കോളേജുകളും മെഡിക്കൽ കോളേജുകളും പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ; | എ) സംസ്ഥനത്ത് സ്വാശ്രയ മേഖലയിൽ 113 എഞ്ചിനീയറിംഗ് കോളേജുകളും 10 ആർക്കിടെക് കോളേജുകളും 14 മെഡിക്കൽ കോളേജുകളും പ്രവർത്തിക്കുന്നുണ്ട് |
| ബി) സ്വാശ്രയ മേഖലകളിൽ സംസ്ഥാനത്തെ മെഡിക്കൽ എഞ്ചിനീയറിംഗ് മേഖലയിൽ ആകെ എത്ര സീറ്റുകൾ വീതമുണ്ടെന്ന് വിശദമാക്കാമോ; | ബി) 2013-ൽ സംസ്ഥാനത്ത് സ്വാശ്രയ മേഖലകളിൽ എഞ്ചിനീയറിംഗ് കോളേജുകളിൽ 41280 സീറ്റുകളും മെഡിക്കൽ കോളേജുകളിൽ 1550 സീറ്റുകളും ആർക്കിടെക് കോളേജുകളിൽ 520 സീറ്റുകളുമാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. |
| സി) ഇതിൽ കഴിഞ്ഞ അദ്ധ്യയനവർഷവും, ഈ അദ്ധ്യയനവർഷവും എത്ര സീറ്റുകൾ ഒഴിഞ്ഞു കിടപ്പുണ്ടെന്ന് വിശദമാക്കുമോ; | സി) 2013-ൽ പ്രവേശന പരീക്ഷ കമ്മീഷണറുടെ അലോട്ട്മെന്റിന് ശേഷം സ്വാശ്രയ മേഖലകളിലെ 50% സർക്കാർ സീറ്റുകളിൽ എഞ്ചിനീയറിംഗ് കോളേജുകളിൽ 7608 സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. എന്നാൽ മെഡിക്കൽ കോളേജുകളിലും ആർക്കിടെക് കോളേജുകളിലും സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നില്ല. |
| ഡി) സ്വാശ്രയ കോളേജുകളുടെ ഗുണനിലവാരം പരിശോധിക്കാൻ കഴിയുന്നുണ്ടോ; വിശദമാക്കാമോ; | ഡി) സ്വാശ്രയ കോളേജുകളുടെ ഗുണനിലവാരം പരിശോധിക്കാൻ സർക്കാർ ഉന്നതവിദ്യാഭ്യാസ സെക്രട്ടറിയെ ചെയർമാനാക്കി ഒരു കമ്മിറ്റിയെ രൂപീകരിച്ചിട്ടുണ്ട്. ചെയർമാൻ സ്വകാര്യ സ്വാശ്രയ മാനേജ്മെന്റ് പ്രതിനിധികളുമായി ചർച്ച ചെയ്യുകയും കോളേജുകളിലെ അക്കാദമിക് ഗുണനിലവാരം ഉയർത്തുന്നതിൽ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. പരാതികൾ ലഭിക്കുന്ന മുറയ്ക്ക് അന്വേഷണം നടത്തി റിപ്പോർട്ട് ആവശ്യപ്പെടുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ